(ബി) എയർ പോർട്ട്, യൂണിവേഴ്സിറ്റികൾ വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രധാന കേന്ദ്രങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ ?

ഉത്തരം

(എ&ബി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന 14 സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നുവീതം) വരുന്ന മൂന്നു വർഷത്തിനുള്ളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭിച്ചുകഴിഞ്ഞാൽ അംഗീകൃത മാനദണ്ഡമനുസരിച്ച് എവിടെയാണ് പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കേണ്ടതെന്ന് വകുപ്പു മേധാവിയുടെ ശുപാർശ കൂടി കണക്കിലെടുത്ത് തീരുമാനമെടുക്കുന്നതാണ്.

പട്ടാമ്പിയിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി

165 (2169) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പിയിൽ ഒരു പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പട്ടാമ്പിയിൽ ഒരു പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന 14 സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നു വീതം) അടുത്ത 3 വർഷത്തിനുള്ളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പന്തളത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി

166 (2170) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമല തീർത്ഥാടന കാലത്തുണ്ടാകുന്ന അപകട സാധ്യതകൾ മുൻകൂട്ടി കണ്ട് പന്തളത്ത് സ്ഥിരമായി ഒരു ഫയർ ഫോഴ്സ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly